**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2831** **10-03-2025 - ൽ മറുപടിയ്ക്ക്**

**പിന്നാക്ക വിഭാഗ വികസന വകുപ്പിന്റെ ക്ഷേമപദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ.പി.മോഹനൻ** | | **ശ്രീ ഒ . ആർ. കേളു (പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി)** | |
| (എ) | പിന്നാക്ക വികസന വകുപ്പ് മുഖേന നടപ്പിലാക്കിവരുന്ന ക്ഷേമപദ്ധതികളും അവയുടെ മാനദണ്ഡങ്ങളും എന്തൊക്കെയാണെന്ന് വിശദമാക്കാമോ; | (എ) | പിന്നാക്ക വിഭാഗ വികസന വകുപ്പ് മുഖേന നടപ്പിലാക്കിവരുന്ന ക്ഷേമപദ്ധതികളും അവയുടെ മാനദണ്ഡങ്ങളും അനുബന്ധം 1 ആയി ചേർക്കുന്നു. |
| (ബി) | സ്വയം തൊഴിൽ കണ്ടെത്തുന്നതിന് പിന്നാക്ക വികസന വകുപ്പിൽ എന്തെങ്കിലും പദ്ധതികളുണ്ടോ; എങ്കിൽ ആയതിന്റെ മാനദണ്ഡങ്ങൾ വിശദമാക്കാമോ? | (ബി) | പിന്നാക്ക വിഭാഗ വികസന വകുപ്പ് മുഖേന സ്വയം തൊഴിൽ കണ്ടെത്തുന്നതിനുള്ള പദ്ധതികളും അവയുടെ മാനദണ്ഡങ്ങളും സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധം 2 ആയി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

# അനുബന്ധം- 1

## പിന്നാക്ക വികസന വകുപ്പ് മുഖേന നടപ്പിലാക്കിവരുന്ന ക്ഷേമപദ്ധതികളും അവയുടെ മാനദണ്ഡങ്ങളും

### 1. പരമ്പരാഗത കരകൗശല വിദഗ്ധർക്കുള്ള ടൂൾ കിറ്റ് ഗ്രാന്റ്

പിന്നാക്ക വിഭാഗത്തിൽപ്പെട്ട പരമ്പരാഗത കരകൗശല വിദഗ്ധർ/കൈപണിക്കാർ അവിദഗ്ധത്തൊഴിലാളികൾ എന്നിവർക്ക് ആധുനിക തൊഴിൽ ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള പദ്ധതിയാണിത്. പരമാവധി 20,000/- രൂപ 2 ഗഡുക്കളായി ആനുകൂല്യം അനുവദിച്ചു വരുന്നു.

**മാനദണ്ഡം**

കുടുംബ വാർഷിക വരുമാന പരിധി 2.5 ലക്ഷം രൂപയിൽ താഴെയുള്ള 60 വയസ്സുവരെയുള്ളവരാണ് ആനുകൂല്യത്തിന് അർഹരായിട്ടുള്ളത്. പിന്നാക്ക സമുദായ ങ്ങളിൽപ്പെട്ട പരമ്പരാഗത കരകൗശലതൊഴിൽ ചെയ്യുന്ന സമുദായങ്ങളായിരിക്കണം.

### 2. പരമ്പരാഗത ബാർബർ തൊഴിലാളികൾക്കുള്ള ധനസഹായം

പിന്നാക്ക വിഭാഗത്തിലെ പരമ്പരാഗത ബാർബർ തൊഴിലാളികൾക്ക് തൊഴിലിടം നവീകരിക്കുന്നതിനും, കാലഘട്ടത്തിനനുസൃതമായ ഉപകരണങ്ങളും സാമഗ്രികളും വാങ്ങുന്നതിനുമായി പരമാവധി 25,000/- രൂപ വരെ 2 ഗഡുക്കളായി ഗ്രാന്റ് അനുവദിക്കുന്ന ഈ പദ്ധതി 2015-16 സാമ്പത്തിക വർഷം മുതൽ നടപ്പിലാക്കി വരുന്നുണ്ട്.

**മാനദണ്ഡം**

കുടുംബ വാർഷിക വരുമാന പരിധി 2.5 ലക്ഷം രൂപയിൽ താഴെയുള്ള 60 വയസ്സുവരെയുള്ളവരാണ് ആനുകൂല്യത്തിന് അർഹരായിട്ടുള്ളത്. പിന്നാക്ക സമുദായങ്ങളിൽപ്പെട്ട പരമ്പരാഗത ബാർബർ തൊഴിലിൽ ഏർപ്പെട്ടവരായിരിക്കണം.

3. <u>പരമ്പരാഗത മൺപാത്ര നിർമ്മാണ തൊഴിലാളികൾക്കുള്ള ധനസഹായം.</u>

ഈ പദ്ധതി പ്രകാരം പരമ്പരാഗത മൺപാത്ര നിർമ്മാണ തൊഴിലാളികൾ ഉൽപ്പന്ന നിർമ്മാണത്തിൽ പിന്തുടരുന്ന പരമ്പരാഗത രീതിയിൽ നിന്നും വ്യത്യസ്തമായി തൊഴിൽ ആധുനീകവൽക്കരിക്കുന്നതിനും യന്ത്രവൽക്കരിക്കുന്നതിനുമായി വർക്ക് ഷെഡുകളുടെയും ചിമ്മിനികളുടെയും നിർമ്മാണത്തിനും നവീകരണത്തിനുമായി 50,000/- രൂപ 2 ഗഡുക്കളായി ധനസഹായം നൽകുന്നു.

<u>മാനദണ്ഡം</u>

കുടുംബ വാർഷിക വരുമാന പരിധി 2.5 ലക്ഷം രൂപയിൽ താഴെയുള്ള 60 വയസ്സുവരെയുള്ളവരാണ് ആനുകൂല്യത്തിന് അർഹരായിട്ടുള്ളത്.

4. <u>അഡ്വക്കേറ്റ് ഗ്രാന്റ്</u>

നീതിന്യായ വ്യവസ്ഥയിൽ പിന്നാക്ക വിഭാഗങ്ങളുടെ മതിയായ പ്രാധിനിധ്യം ഉറപ്പാക്കുന്നതിന് ഈ വിഭാഗത്തിലെ നിയമ ബിരുധധാരികൾക്ക് നൽകുന്ന ധനസഹായ പദ്ധതിയാണിത്. പരാമവധി 12000/- രൂപ വീതം 3 വർഷത്തേക്ക് ആണ് നൽകുന്നത്.

<u>മാനദണ്ഡം</u>

അഭിഭാഷക കൗൺസിലിൽ എൻറോൾ ചെയ്ത നിയമ ബിരുദധാരികൾക്ക് ആണ് അപേക്ഷിക്കാവുന്നത്. കുടുംബ വാർഷിക വരുമാന പരിധി 1 ലക്ഷം രൂപയാണ്.

5. <u>കുംഭാര നഗർ അടിസ്ഥാന സൗകര്യ വികസനം</u>

പിന്നാക്ക വിഭാഗങ്ങളിലെ ദുർബല വിഭാഗങ്ങളായ പരമ്പരാഗത കളിമൺപാത്ര നിർമ്മാണ തൊഴിലാളികൾ തിങ്ങിപ്പാർക്കുന്ന പ്രദേശങ്ങളുടെ സമഗ്ര പുരോഗതിയ്ക്ക് പിന്നാക്ക വിഭാഗ വികസന വകുപ്പ് ആവിഷ്കരിച്ച് നടപ്പാക്കുന്ന പദ്ധതിയാണ് കുംഭാര നഗർ അടിസ്ഥാന സൗകര്യ വികസന പദ്ധതി. നഗർ/സങ്കേതത്തിലെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനാണ് പദ്ധതി പ്രധാനമായും ഊന്നൽ നൽകുന്നത്.

പൊതുവായ വർക്ക്ഷെഡ്, പൊതുവായ മണ്ണരക്കുന്ന യന്ത്രം, പൊതു ചൂള, പൊതു മാർക്കറ്റ്, മൊബൈൽ വിപണന യൂണിറ്റ്, മൂല്യവർദ്ധിത ഉല്പന്നങ്ങൾ നിർമ്മിക്കുന്നതിനും പരിശീലിപ്പിക്കുന്നതിനുമുള്ള സൗകര്യം, കമ്മ്യൂണിറ്റി ഹാൾ, ഗ്രന്ഥശാല, സങ്കേതത്തിലേക്കുള്ള റോഡ്, നടപ്പാത, മണ്ണ് സംരക്ഷണം, കുടിവെള്ള സൗകര്യങ്ങൾ, വൈദ്യുതി എന്നിവക്കാണ് തുക അനുവദിക്കുന്നത്. വ്യക്തിഗത ആനുകൂല്യങ്ങൾ അനുവദിക്കുന്നതല്ല.

<u>മാനദണ്ഡം</u>

സങ്കേതങ്ങളെ തെരഞ്ഞെടുക്കുന്നതിന് ബന്ധപ്പെട്ട നഗരുകൾ സ്ഥിതി ചെയ്യുന്ന തദ്ദേശഭരണ സ്ഥാപനത്തിന്റെ സെക്രട്ടറി ഒപ്പ് വെച്ച വിശദമായ പ്രോജക്ട് പ്രൊപ്പോസൽ ഈ കാര്യാലയത്തിൽ ലഭ്യമാക്കുകയും ആയത് പരിശോധിച്ച് ഈ വകുപ്പിൽ നിന്ന് സർക്കാരിലേക്ക് ശിപാർശചെയ്യുകയും ചെയ്യും. സർക്കാർ തലത്തിൽ തെരഞ്ഞെടുത്ത് ഭരണാനുമതി ലഭ്യമാക്കും.

6. <u>സ്വകാര്യ മേഖലയിലെ തൊഴിൽ പരിശീലനം</u>

സ്വകാര്യ മേഖലയിൽ സ്ഥിരം തൊഴിൽ കണ്ടെത്തുന്നതിന് പിന്നാക്ക വിഭാഗക്കാരെ പര്യാപ്തരാക്കുന്നതിനുള്ള പദ്ധതിയാണ്. പൊതു സ്വകാര്യ പങ്കാളിത്തത്തോടെ ആട്ടോമൊബൈൽ / ഹോട്ടൽ മാനേജ്മെന്റ് / ലോജിസ്റ്റിക് / പോളിമർ ടെക്നോളജി എന്നീ മേഖലയിൽ ഡിഗ്രി/ഡിപ്ലോമ/ഐ ടി ഐ/ ഐ ടി സി കോഴ്സ് പൂർത്തിയാക്കിയവർക്ക് പരിശീലനവും തൊഴിലും ഉറപ്പാക്കുന്നു. പ്രതിമാസം പരമാവധി 8000/- രൂപയാണ് അനുവദിക്കുന്നത്.

<u>മാനദണ്ഡം</u>

കുടുംബ വാർഷിക വരുമാന പരിധി 2 ലക്ഷം രൂപയാണ്.

7. <u>പ്രൊഫഷണൽ ബിരുദധാരികൾക്ക് സ്വയംതൊഴിൽ ഗ്രാന്റ്</u>

പിന്നാക്ക വിഭാഗ വികസന കോർപ്പറേഷന്റെ സഹകരണത്തോടെ ഒ.ബി.സി വിഭാഗത്തിൽപ്പെട്ട പ്രൊഫഷണലുകൾക്ക് സ്റ്റാർട്ട് അപ്പ് സംരംഭങ്ങൾ ആരംഭിക്കുന്നതിനായി പരമാവധി 10 ലക്ഷം രൂപവരെ വായ്പ അനുവദിക്കുന്നു. വായ്പാ തുകയുടെ 20% (പരമാവധി 2 ലക്ഷം രൂപ) ആണ് സബ്സിഡി നൽകുന്നത്.

<u>മാനദണ്ഡം</u>

കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷന്റെ സഹകരണത്തോടെ നടപ്പിലാക്കുന്ന പദ്ധതിയായതിനാൽ അപേക്ഷ ക്ഷണിക്കുന്നതും, ഗുണഭോക്തക്കാളെ തെരഞ്ഞെടുക്കുന്നതും കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ ആണ്.

8. <u>ബി.പി.എൽ. വിഭാഗത്തിൽപ്പെട്ടവർക്കുള്ള സ്വയം തൊഴിൽ വായ്പ പദ്ധതി</u>

പിന്നാക്ക വിഭാഗ വികസന വകുപ്പും, കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷനും സംയുക്തമായി നടപ്പിലാക്കുന്ന ഈ പദ്ധതി പ്രകാരം ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള മറ്റ് പിന്നാക്ക വിഭാഗത്തിൽപ്പെട്ട കുടുംബങ്ങൾക്ക് സ്വയം തൊഴിൽ സംരംഭങ്ങൾ തുടങ്ങുന്നതിന് പരമാവധി 1 ലക്ഷം രൂപ വരെ വായ്പ അനുവദിക്കുന്നു. സമയബന്ധിതമായി തവണ തുക തിരിച്ചടക്കുന്നവർക്ക് പിന്നാക്ക വിഭാഗ വികസന വകുപ്പ് വായ്പ് തുകയുടെ 50% (പരമാവധി 25,000/- രൂപ) സബ്സിഡി ആയി നൽകുന്നു.

<u>മാനദണ്ഡം</u>

കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷന്റെ സഹകരണത്തോടെ നടപ്പിലാക്കുന്ന പദ്ധതിയായതിനാൽ അപേക്ഷ ക്ഷണിക്കുന്നതും, ഗുണഭോക്തക്കാളെ തെരഞ്ഞെടുക്കുന്നതും കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ ആണ്.

9. <u>വിശ്വകർമ്മജർക്കുള്ള പെൻഷൻ</u>

പിന്നാക്ക വിഭാഗ വികസന വകുപ്പ് മുഖേന 60 വയസ്സ് തികഞ്ഞ വിശ്വകർമ്മ വിഭാഗത്തിലെ പരമ്പരാഗത തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർക്ക് പ്രതിമാസം 1600/- രൂപ പെൻഷൻ അനുവദിക്കുന്ന പദ്ധതിയാണിത്.

<u>മാനദണ്ഡം</u>

മറ്റ് പെൻഷനുകളൊന്നും തന്നെ ലഭ്യമാകുന്നില്ലായെന്ന തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നിന്നുള്ള സാക്ഷ്യപത്രം, ലൈഫ് സർട്ടിഫിക്കറ്റ് എന്നിവ ലഭ്യമാക്കുന്ന മുറയ്ക്ക് സമയബന്ധിതമായി തന്നെ പെൻഷൻ അനുവദിക്കുന്നു. കുടുംബ വാർഷിക വരുമാന പരിധി 1 ലക്ഷം രൂപയാണ്.

10. <u>മറ്റ് പിന്നാക്ക വിഭാഗങ്ങളിലെ വിധവകൾക്ക് സ്വയം തൊഴിൽ പദ്ധതി.</u>

പിന്നാക്ക വിഭാഗ വികസന വകുപ്പിന് 2024-25 സാമ്പത്തിക വർഷം പുതുതായി ലഭ്യമായ പദ്ധതികളിൽ ഒന്നാണ് പിന്നാക്ക വിഭാഗത്തിൽപ്പെട്ട വിധവകൾക്ക് സ്വയം തൊഴിൽ ചെയ്യുന്നതിനുള്ള ധനസഹായം. സംസ്ഥാനത്തെ ഒ.ബി.സി വിഭാഗത്തിൽ പ്പെട്ട വിധവകൾ നേരിടുന്ന സാമ്പത്തിക ബുദ്ധിമുട്ടുകൾ ലഘൂകരിക്കുന്നതിന് സ്വയം തൊഴിൽ ആരംഭിക്കുന്നതിനായി പിന്നാക്ക വിഭാഗ വികസന കോർപ്പറേഷന്റെ സഹകരണത്തോടെ വായ്പാ ധനസഹായം നൽകുന്ന പദ്ധതിയാണിത്

<u>മാനദണ്ഡം</u>

പിന്നാക്ക വിഭാഗത്തിൽപ്പെട്ട 2.5 ലക്ഷം രൂപയിൽ അധികരിക്കാത്ത കുടുംബ വാർഷിക വരുമാനമുള്ള വിധവകൾക്കും വിധവകൾ ഉൾപ്പെടുന്ന സംഘങ്ങൾക്കും കോർപ്പറേഷൻ 5 ലക്ഷം രൂപ വരെ വായ്പ അനുവദിക്കുകയും വായ്പാ തുകയുടെ 20% (പരമാവധി 1 ലക്ഷം രൂപ) കോർപ്പറേഷന് സബ്സിഡി ആയി പിന്നാക്ക വിഭാഗ വികസന വകുപ്പ് അനുവദിക്കുന്നു. കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന

കോർപ്പറേഷന്റെ സഹകരണത്തോടെ നടപ്പിലാക്കുന്ന പദ്ധതിയായതിനാൽ അപേക്ഷ ക്ഷണിക്കുന്നതും, ഗുണഭോക്തക്കാളെ തെരഞ്ഞെടുക്കുന്നതും കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ ആണ്.

11. <u>എഞ്ചിനീയറിംഗ് പ്രൊഫഷണലുകൾക്കുള്ള സ്റ്റാർട്ടപ്പ് സംരംഭങ്ങൾ</u>

പിന്നാക്ക വിഭാഗ വികസന വകുപ്പിന് 2024-25 സാമ്പത്തിക വർഷം പുതിയതായി ലഭ്യമായ പദ്ധതിയാണ് പിന്നാക്ക വിഭാഗത്തിൽപ്പെട്ട എഞ്ചിനീയറിംഗ് പ്രൊഫഷണൽസിന് സ്റ്റാർട്ടപ്പ് സംരംഭങ്ങൾ ആരംഭിക്കുന്നതിനായി ധനസഹായം നൽകുന്ന പദ്ധതി. സംസ്ഥാനത്തിനകത്ത് തൊഴിലവസരങ്ങൾ വർദ്ധിപ്പിച്ച് പ്രൊഫഷണൽ എഞ്ചിനീയറിംഗ് ബിരുദധാരികൾക്ക് ഇടയിൽ സംരംഭകത്വം പ്രോത്സാഹിപ്പിക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. വിവിധ എഞ്ചിനീയറിംഗ് മേഖലകളിൽ നിന്നുള്ള എഞ്ചിനീയറിംഗ് ബിരുദധാരികളടങ്ങുന്ന ഗ്രൂപ്പുകൾക്ക് സംയുക്ത സംരംഭങ്ങൾ ആരംഭിക്കുന്നതിന് സാമ്പത്തികവും, സാങ്കേതികവുമായ പിന്തുണ നൽകാനാണ് പദ്ധതി ഉദ്ദേശിക്കുന്നത്.

<u>മാനദണ്ഡം</u>

ഗ്രൂപ്പിലെ ഓരോ അംഗത്തിന്റെയും കുടുംബ വാർഷിക വരുമാന പരിധി 5 ലക്ഷം രൂപയിൽ കവിയരുത്. ഒരോ ഗ്രൂപ്പിനും പരമാവധി 10 ലക്ഷം രൂപ നൽകാനാണ് പദ്ധതി ലക്ഷ്യമിടുന്നത്.

12. <u>മറ്റ് പിന്നാക്ക വിഭാഗത്തിൽപ്പെട്ട തെരുവ് കച്ചവടക്കാർക്ക് മൊബൈൽ സ്ട്രീറ്റ് വെന്റിംഗ് കാർട്ടുകളുടെ വിതരണ പദ്ധതി.</u>

തെരുവുകച്ചവടക്കാർ സാധാരണയായി മാറിവരുന്ന എല്ലാ കാലാവസ്ഥകളേയും നേരിടേണ്ടിവരാറുണ്ട്. ഇത് അവരുടെ കച്ചവടത്തെ വളരെ വലിയ അളവിൽ ബാധിക്കുന്നു. സ്ട്രീറ്റ് വെന്റിംഗ് കാർട്ടുകൾ നൽകുന്നതിലൂടെ വഴിയോരകച്ചവട

ക്കാർക്ക് തടസ്സമില്ലാതെ വ്യാപാരം നടത്തുന്നതിനായി അലൂമിനിയം ഫോർ വീലർ പുഷ് കാർട്ടുകൾ നൽകുക എന്നതാണ് ഈ ഘടകത്തിന്റെ ലക്ഷ്യം. തെരുവ് വ്യാപാര നിയന്ത്രണ നിയമം 2014 പ്രകാരം തദ്ദേശ സ്ഥാപനത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ചെറുകിട വ്യാപാരങ്ങൾ നടത്തുന്ന 100 വഴിയോര കച്ചവടക്കാർക്ക് വെൻഡിംഗ് കാർട്ടുകൾ നൽകാനാണ് ലക്ഷ്യം വെക്കുന്നത്.

മാനദണ്ഡം

വാർഷിക വരുമാനം 2.50 ലക്ഷം രൂപയിൽ കവിയാത്ത തെരുവുകച്ചവടക്കാരെ സഹായത്തിനായി പരിഗണിക്കുന്നതാണ്. നിലവിൽ രജിസ്റ്റർ ചെയ്ത് തിട്ടുള്ളതും തെരുവ് കച്ചവടം ചെയ്തുകൊണ്ടിരിക്കുന്നതുമായ വഴിയോര കച്ചവടക്കാർക്ക് മുൻഗണന നൽകുന്നതാണ്.

13. ഇലക്ട്രിക്/സിഎൻജി ഓട്ടോ ടാക്സികൾ വാങ്ങുന്നതിനുള്ള സഹായ പദ്ധതി

സംസ്ഥാനത്തെ ഓട്ടോ-ടാക്സി മേഖലയിൽ ജോലി ചെയ്യുന്ന പിന്നാക്ക വിഭാഗത്തിൽപ്പെട്ടവർക്ക് ഇലക്ട്രിക്/ സിഎൻജി ഓട്ടോ ടാക്സികൾ വാങ്ങുന്നതിന് ധനസഹായം നൽകുന്ന പുതിയ പദ്ധതി. പിന്നാക്ക വിഭാഗ വികസന വകുപ്പും കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷനും സംയുക്തമായി നടപ്പിലാക്കുന്ന പദ്ധതിയാണിത്. പദ്ധതി പ്രകാരം കോർപ്പറേഷന് അനുവദിക്കുന്ന വാഹന വായ്പയുടെ 20% എന്ന തോതിലാണ് പിന്നാക്ക വിഭാഗ വികസന വകുപ്പ് സബ്സിഡി അനുവദിക്കുന്നത്.

മാനദണ്ഡം

കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷന്റെ സഹകരണത്തോടെ നടപ്പിലാക്കുന്ന പദ്ധതിയായതിനാൽ അപേക്ഷ ക്ഷണിക്കുന്നതും, ഗുണഭോക്തക്കാളെ തെരഞ്ഞെടുക്കുന്നതും കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ ആണ്.

14. <u>പരമ്പരാഗത തൊഴിലധിഷ്ഠിത സമുദായങ്ങളുടെ ഉൽപ്പന്നങ്ങൾക്കായുള്ള വിപണന കേന്ദ്രങ്ങൾ</u>

സംസ്ഥാനത്തെ വിവിധ പരമ്പരാഗത തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്ന സമുദായങ്ങൾ അഭിമുഖീകരിക്കുന്ന വിപണന പ്രശ്നങ്ങൾ പരിഹരിച്ച് അവരുടെ ഉൽപ്പന്നങ്ങൾക്ക് ന്യായമായ വില ഉറപ്പാക്കുന്നതിനുള്ള പദ്ധതി. ഉൽപ്പന്നങ്ങളുടെ പ്രദർശനത്തിനും വിപണനത്തിനുമായി ജില്ലാ ആസ്ഥാനങ്ങളിൽ സ്ഥിരം സംവിധാനമൊരുക്കുന്നതിനാണ് പദ്ധതിയിലൂടെ വിഭാവനം ചെയ്തിരിക്കുന്നത്. സംസ്ഥാനത്തെ തദ്ദേശ സംസ്ഥാപനങ്ങൾ, ക്ഷേമ കോർപ്പറേഷനുകൾ എന്നിവ മുഖേന ലഭ്യമാകുന്ന കെട്ടിടങ്ങളിലാണ് വിപണന കേന്ദ്രങ്ങൾ സജ്ജീകരിക്കുന്നത്.

<u>മാനദണ്ഡം</u>

സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, ക്ഷേമ കോർപ്പറേഷനുകൾ തുടങ്ങിയ സ്ഥാപനങ്ങൾ മുഖേനയാണ് പിന്നാക്ക വിഭാഗങ്ങളിലെ എല്ലാ പരമ്പരാഗത മേഖലയിലെയും തൊഴിലാളികൾക്ക് പ്രയോജനകരമാകുന്ന ഈ ക്ഷേമ പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്.

## അനുബന്ധം- 2

### പിന്നാക്ക വിഭാഗ വികസന വകുപ്പ് മുഖേന സ്വയം തൊഴിൽ കണ്ടെത്തുന്നതിനുള്ള പദ്ധതികളും അവയുടെ മാനദണ്ഡങ്ങളും

1. പരമ്പരാഗത കരകൗശല വിദഗ്ധർക്കുള്ള ടൂൾ കിറ്റ് ഗ്രാന്റ്

പിന്നാക്ക വിഭാഗത്തിൽപ്പെട്ട പരമ്പരാഗത കരകൗശല വിദഗ്ധർ/കൈപണിക്കാർ അവിദഗ്ധത്തൊഴിലാളികൾ എന്നിവർക്ക് ആധുനിക തൊഴിൽ ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള പദ്ധതിയാണിത്. പരമാവധി 20,000/- രൂപ 2 ഗഡുക്കളായി ആനുകൂല്യം അനുവദിച്ചു വരുന്നു.

മാനദണ്ഡം

കുടുംബ വാർഷിക വരുമാന പരിധി 2.5 ലക്ഷം രൂപയിൽ താഴെയുള്ള 60 വയസ്സുവരെയുള്ളവരാണ് ആനുകൂല്യത്തിന് അർഹരായിട്ടുള്ളത്. പിന്നാക്ക സമുദായ ങ്ങളിൽപ്പെട്ട പരമ്പരാഗത കരകൗശലതൊഴിൽ ചെയ്യുന്ന സമുദായങ്ങളായിരിക്കണം.

2. പരമ്പരാഗത ബാർബർ തൊഴിലാളികൾക്കുള്ള ധനസഹായം

പിന്നാക്ക വിഭാഗത്തിലെ പരമ്പരാഗത ബാർബർ തൊഴിലാളികൾക്ക് തൊഴിലിടം നവീകരിക്കുന്നതിനും, കാലഘട്ടത്തിനനുസൃതമായ ഉപകരണങ്ങളും സാമഗ്രികളും വാങ്ങുന്നതിനുമായി പരമാവധി 25,000/- രൂപ വരെ 2 ഗഡുക്കളായി ഗ്രാന്റ് അനുവദിക്കുന്ന ഈ പദ്ധതി 2015-16 സാമ്പത്തിക വർഷം മുതൽ നടപ്പിലാക്കി വരുന്നുണ്ട്.

മാനദണ്ഡം

കുടുംബ വാർഷിക വരുമാന പരിധി 2.5 ലക്ഷം രൂപയിൽ താഴെയുള്ള 60 വയസ്സുവരെയുള്ളവരാണ് ആനുകൂല്യത്തിന് അർഹരായിട്ടുള്ളത്. പിന്നാക്ക സമുദായ ങ്ങളിൽപ്പെട്ട പരമ്പരാഗത ബാർബർ തൊഴിലിൽ ഏർപ്പെട്ടവരായിരിക്കണം.

3. <u>പരമ്പരാഗത മൺപാത്ര നിർമ്മാണ തൊഴിലാളികൾക്കുള്ള ധനസഹായം.</u>

ഈ പദ്ധതി പ്രകാരം പരമ്പരാഗത മൺപാത്ര നിർമ്മാണ തൊഴിലാളികൾ ഉൽപ്പന്ന നിർമ്മാണത്തിൽ പിന്തുടരുന്ന പരമ്പരാഗത രീതിയിൽ നിന്നും വ്യത്യസ്തമായി തൊഴിൽ ആധുനീകവൽക്കരിക്കുന്നതിനും യന്ത്രവൽക്കരിക്കുന്നതിനുമായി വർക്ക് ഷെഡുകളുടെയും ചിമ്മിനികളുടെയും നിർമ്മാണത്തിനും നവീകരണത്തിനുമായി 50,000/- രൂപ 2 ഗഡുക്കളായി ധനസഹായം നൽകുന്നു.

<u>മാനദണ്ഡം</u>

കുടുംബ വാർഷിക വരുമാന പരിധി 2.5 ലക്ഷം രൂപയിൽ താഴെയുള്ള 60 വയസ്സുവരെയുള്ളവരാണ് ആനുകൂല്യത്തിന് അർഹരായിട്ടുള്ളത്.

4. <u>പ്രൊഫഷണൽ ബിരുദധാരികൾക്ക് സ്വയംതൊഴിൽ ഗ്രാന്റ്</u>

പിന്നാക്ക വിഭാഗ വികസന കോർപ്പറേഷന്റെ സഹകരണത്തോടെ ഒ.ബി.സി വിഭാഗത്തിൽപ്പെട്ട പ്രൊഫഷണലുകൾക്ക് സ്റ്റാർട്ട് അപ്പ് സംരംഭങ്ങൾ ആരംഭിക്കുന്നതിനായി പരമാവധി 10 ലക്ഷം രൂപവരെ വായ്പ അനുവദിക്കുന്നു. വായ്പാ തുകയുടെ 20% (പരമാവധി 2 ലക്ഷം രൂപ) ആണ് സബ്സിഡി നൽകുന്നത്.

<u>മാനദണ്ഡം</u>

കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷന്റെ സഹകരണത്തോടെ നടപ്പിലാക്കുന്ന പദ്ധതിയായതിനാൽ അപേക്ഷ ക്ഷണിക്കുന്നതും, ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതും കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ ആണ്.

5. <u>ബി.പി.എൽ. വിഭാഗത്തിൽപ്പെട്ടവർക്കുള്ള സ്വയം തൊഴിൽ വായ്പ പദ്ധതി</u>

പിന്നാക്ക വിഭാഗ വികസന വകുപ്പും, കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷനും സംയുക്തമായി നടപ്പിലാക്കുന്ന ഈ പദ്ധതി പ്രകാരം ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള മറ്റ് പിന്നാക്ക വിഭാഗത്തിൽപ്പെട്ട കുടുംബങ്ങൾക്ക് സ്വയം തൊഴിൽ

സംരംഭങ്ങൾ തുടങ്ങുന്നതിന് പരമാവധി 1 ലക്ഷം രൂപ വരെ വായ്പ അനുവദിക്കുന്നു. സമയബന്ധിതമായി തവണ തുക തിരിച്ചടക്കുന്നവർക്ക് പിന്നാക്ക വിഭാഗ വികസന വകുപ്പ് വായ്പ തുകയുടെ 50% (പരമാവധി 25,000/- രൂപ) സബ്സിഡി ആയി നൽകുന്നു.

മാനദണ്ഡം

കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷന്റെ സഹകരണത്തോടെ നടപ്പിലാക്കുന്ന പദ്ധതിയായതിനാൽ അപേക്ഷ ക്ഷണിക്കുന്നതും, ഗുണഭോക്തക്കാളെ തെരഞ്ഞെടുക്കുന്നതും കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ ആണ്.

6. മറ്റ് പിന്നാക്ക വിഭാഗങ്ങളിലെ വിധവകൾക്ക് സ്വയം തൊഴിൽ പദ്ധതി

പിന്നാക്ക വിഭാഗ വികസന വകുപ്പിന് 2024-25 സാമ്പത്തിക വർഷം പുതുതായി ലഭ്യമായ പദ്ധതികളിൽ ഒന്നാണ് പിന്നാക്ക വിഭാഗത്തിൽപ്പെട്ട വിധവകൾക്ക് സ്വയം തൊഴിൽ ചെയ്യുന്നതിനുള്ള ധനസഹായം. സംസ്ഥാനത്തെ ഒ.ബി.സി വിഭാഗത്തിൽപ്പെട്ട വിധവകൾ നേരിടുന്ന സാമ്പത്തിക ബുദ്ധിമുട്ടുകൾ ലഘൂകരിക്കുന്നതിന് സ്വയം തൊഴിൽ ആരംഭിക്കുന്നതിനായി പിന്നാക്ക വിഭാഗ വികസന കോർപ്പറേഷന്റെ സഹകരണത്തോടെ വായ്പാ ധനസഹായം നൽകുന്ന പദ്ധതിയാണിത്

മാനദണ്ഡം

പിന്നാക്ക വിഭാഗത്തിൽപ്പെട്ട 2.5 ലക്ഷം രൂപയിൽ അധികരിക്കാത്ത കുടുംബ വാർഷിക വരുമാനമുള്ള വിധവകൾക്കും വിധവകൾ ഉൾപ്പെടുന്ന സംഘങ്ങൾക്കും കോർപ്പറേഷൻ 5 ലക്ഷം രൂപ വരെ വായ്പ അനുവദിക്കുകയും വായ്പാ തുകയുടെ 20% (പരമാവധി 1 ലക്ഷം രൂപ) കോർപ്പറേഷന് സബ്സിഡി ആയി പിന്നാക്ക വിഭാഗ വികസന വകുപ്പ് അനുവദിക്കുന്നു. കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന

കോർപ്പറേഷന്റെ സഹകരണത്തോടെ നടപ്പിലാക്കുന്ന പദ്ധതിയായതിനാൽ അപേക്ഷ ക്ഷണിക്കുന്നതും, ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതും കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ ആണ്.

7. <u>എഞ്ചിനീയറിംഗ് പ്രൊഫഷണലുകൾക്കുള്ള സ്റ്റാർട്ടപ്പ് സംരംഭങ്ങൾ</u>

പിന്നാക്ക വിഭാഗ വികസന വകുപ്പിന് 2024-25 സാമ്പത്തിക വർഷം പുതിയതായി ലഭ്യമായ പദ്ധതിയാണ് പിന്നാക്ക വിഭാഗത്തിൽപ്പെട്ട എഞ്ചിനീയറിംഗ് പ്രൊഫഷണൽസിന് സ്റ്റാർട്ടപ്പ് സംരംഭങ്ങൾ ആരംഭിക്കുന്നതിനായി ധനസഹായം നൽകുന്ന പദ്ധതി. സംസ്ഥാനത്തിനകത്ത് തൊഴിലവസരങ്ങൾ വർദ്ധിപ്പിച്ച് പ്രൊഫഷണൽ എഞ്ചിനീയറിംഗ് ബിരുദധാരികൾക്ക് ഇടയിൽ സംരംഭകത്വം പ്രോത്സാഹിപ്പിക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. വിവിധ എഞ്ചിനീയറിംഗ് മേഖലകളിൽ നിന്നുള്ള എഞ്ചിനീയറിംഗ് ബിരുദധാരികളടങ്ങുന്ന ഗ്രൂപ്പുകൾക്ക് സംയുക്ത സംരംഭങ്ങൾ ആരംഭിക്കുന്നതിന് സാമ്പത്തികവും, സാങ്കേതികവുമായ പിന്തുണ നൽകാനാണ് പദ്ധതി ഉദ്ദേശിക്കുന്നത്.

<u>മാനദണ്ഡം</u>

ഗ്രൂപ്പിലെ ഓരോ അംഗത്തിന്റെയും കുടുംബ വാർഷിക വരുമാന പരിധി 5 ലക്ഷം രൂപയിൽ കവിയരുത്. ഒരോ ഗ്രൂപ്പിനും പരമാവധി 10 ലക്ഷം രൂപ നൽകാനാണ് പദ്ധതി ലക്ഷ്യമിടുന്നത്.

8. <u>മറ്റ് പിന്നാക്ക വിഭാഗത്തിൽപ്പെട്ട തെരുവ് കച്ചവടക്കാർക്ക് മൊബൈൽ സ്ട്രീറ്റ് വെന്റിംഗ് കാർട്ടുകളുടെ വിതരണ പദ്ധതി.</u>

തെരുവുകച്ചവടക്കാർ സാധാരണയായി മാറിവരുന്ന എല്ലാ കാലാവസ്ഥകളേയും നേരിടേണ്ടി വരാറുണ്ട്. ഇത് അവരുടെ കച്ചവടത്തെ വളരെ വലിയ അളവിൽ ബാധിക്കുന്നു. സ്ട്രീറ്റ് വെന്റിംഗ് കാർട്ടുകൾ നൽകുന്നതിലൂടെ വഴിയോരകച്ചവടക്കാർക്ക്

തടസ്സമില്ലാതെ വ്യാപാരം നടത്തുന്നതിനായി അലുമിനിയം ഫോർ വീലർ പുഷ് കാർട്ടുകൾ നൽകുക എന്നതാണ് ഈ ഘടകത്തിന്റെ ലക്ഷ്യം. തെരുവ് വ്യാപാര നിയന്ത്രണ നിയമം 2014 പ്രകാരം തദ്ദേശ സ്ഥാപനത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ചെറുകിട വ്യാപാരങ്ങൾ നടത്തുന്ന 100 വഴിയോര കച്ചവടക്കാർക്ക് വെൻഡിംഗ് കാർട്ടുകൾ നൽകാനാണ് ലക്ഷ്യം വെക്കുന്നത്.

<u>മാനദണ്ഡം</u>

വാർഷിക വരുമാനം 2.50 ലക്ഷം രൂപയിൽ കവിയാത്ത തെരുവുകച്ചവടക്കാരെ സഹായത്തിനായി പരിഗണിക്കുന്നതാണ്. നിലവിൽ രജിസ്റ്റർ ചെയ്തിട്ടുള്ളതും തെരുവ് കച്ചവടം ചെയ്തുകൊണ്ടിരിക്കുന്നതുമായ വഴിയോര കച്ചവടക്കാർക്ക് മുൻഗണന നൽകുന്നതാണ്.

9. <u>ഇലക്ട്രിക്/സിഎൻജി ഓട്ടോ ടാക്സികൾ വാങ്ങുന്നതിനുള്ള സഹായ പദ്ധതി</u>

സംസ്ഥാനത്തെ ഓട്ടോ-ടാക്സി മേഖലയിൽ ജോലി ചെയ്യുന്ന പിന്നാക്ക വിഭാഗത്തിൽപ്പെട്ടവർക്ക് ഇലക്ട്രിക്/ സിഎൻജി ഓട്ടോ ടാക്സികൾ വാങ്ങുന്നതിന് ധനസഹായം നൽകുന്ന പുതിയ പദ്ധതി. പിന്നാക്ക വിഭാഗ വികസന വകുപ്പും കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷനും സംയുക്തമായി നടപ്പിലാക്കുന്ന പദ്ധതിയാണിത്. പദ്ധതി പ്രകാരം കോർപ്പറേഷന് അനുവദിക്കുന്ന വാഹന വായ്പയുടെ 20% എന്ന തോതിലാണ് പിന്നാക്ക വിഭാഗ വികസന വകുപ്പ് സബ്സിഡി അനുവദിക്കുന്നത്.

<u>മാനദണ്ഡം</u>

കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷന്റെ സഹകരണത്തോടെ നടപ്പിലാക്കുന്ന പദ്ധതിയായതിനാൽ അപേക്ഷ ക്ഷണിക്കുന്നതും, ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതും കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ ആണ്.